(സി) എ.പി.എൽ. വിഭാഗത്തിന് 15458 മെ.ടൺ അരിയും 5049 മെ.ടൺ. ഗോതമ്പും ബി.പി.എൽ. വിഭാഗത്തിന് 7082 മെ.ടൺ അരിയും 2849 മെ.ടൺ. ഗോതമ്പും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് അധിക കേന്ദ്ര വിഹിതം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിക്കുകയുണ്ടായില്ല.

പുളുക്കിയ റേഷൻ കാർഡുകൾ

258 (1342) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ പുളുക്കി നൽകുമ്പോൾ എ.പി.എൽ, ബി.പി.എൽ റേഷൻകാർഡുകൾക്ക് പകരം പ്രയോറിറ്റി, നോൺ പ്രയോറിറ്റി കാർഡുകളാക്കി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എ.പി.എൽ. ബി.പി.എൽ. അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ അനുവദിക്കുന്നതും പ്രയോറിറ്റി അടിസ്ഥാനത്തിൽ റേഷൻകാർഡുകൾ അനുവദിക്കുന്നതും തമ്മിൽ ഉള്ള വ്യത്യാസം എന്താണ്; വിശദീകരണം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി നിയമമനുസരിച്ച് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി മുൻഗണനാ കാർഡുകൾ നൽകണം. നിലവിലെ എ.എ.വൈ., ബി.പി.എൽ. വിഭാഗത്തിലെ അനർഹരെ ഒഴിവാക്കിയും അർഹരെ ഉൾപ്പെടുത്തിയുമാണ് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമമനുസരിച്ച് അർഹതപ്പെട്ട ഏകദേശം 36 ലക്ഷം കുടുംബങ്ങൾക്കാണ് മുൻഗണനാ കാർഡുകൾ ലഭ്യമാവുക.

പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം

259 (1343) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ :.
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവത്കരണം നടപ്പാക്കാൻ പദ്ധതിയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly